കവിത

# അനാചാരങ്ങൾ-ദുരാചാരങ്ങൾ തുലയട്ടെ

## എ.സി. ജോർജ്ജ്

ഈ മണ്ണിൽ മാനവൻ തീർത്ത....
അനാചാരങ്ങൾ - ദുരാചാരങ്ങൾ....
ഇന്നെങ്കിലും തുലയട്ടെ നശിക്കട്ടെ....
എത്രകാലം ആചരിച്ചെന്നാലും...
അനാചാരങ്ങൾ ദുരാചാരങ്ങൾ തന്നെ...
അനാചാരദുരാചാര സംരക്ഷണാർത്ഥം...
വെട്ടിക്കുത്തി ചോരചിന്തി ചാകും സഹജരെ..
തുറക്കൂ നിങ്ങൾതൻ കൺകൾ മലർക്കെ...
സത്യമേത് മിഥ്യയേതെന്നറിയൂ സോദരരേ...
ഏതോരു ഈശ്വരപ്രീതിക്കാണീ അനുഷ്ഠാനങ്ങൾ...
ദൈവമില്ലാ ദേവാലയങ്ങളിൽ സ്വയം...
ദൈവത്തേക്കാൾ ഉത്തുംഗദനാം പൂജാരികൾ...
കല്പിക്കും അനാചാരമാം ദുരാചാരങ്ങളാൽ....
വഞ്ചിക്കപ്പെട്ട മതവിഷലബ്ധമാം...
അനാചാര ദുരാചാര ചാവുകടലിൽ....
മുങ്ങിത്താഴും മൂഢവിശ്വാസികളെ...
ഇഹത്തിലും പരത്തിലും കാത്തിരിപ്പൂ....
നിങ്ങൾക്കായ് കള്ള പൂജാരികൾ കല്പിക്കും...
നിഗൂഢമാം മൂഢമാം  പരബ്രഹ്മവും സ്വർഗ്ഗവും...
അനാചാര ദുരാചാര മതലഹരിയിൽ....
മത്തടിച്ചാടും ദുർബലരാം മന്ദബുദ്ധികളെ...
ഉണരൂ അകകണ്ണും പുറകണ്ണും....
തുറക്കൂ സനാതന ദൈവത്തിൻ നേർക്ക്...
മാനവ ഹൃദയസരസ്സിൽ കുത്തിനിറച്ച വിഷം...
അനാചാര ദുരാചാരാനുഷ്ഠാനങ്ങൾ തുലയട്ടെ...
ഹൃദയമാനസങ്ങളിൽ ശുദ്ധികലശം നിറയട്ടെ...
അനാചാര ദുരാചാരങ്ങൾ വെടിയണം തൂത്തെറിയണം...
കള്ള മതാചാര്യ പൂജാരികൾ വക്താക്കൾ തുലയട്ടെ....
സ്ത്രീപുരുഷ ഭക്തർക്കെല്ലാം ദൈവമുള്ള...
ആലയത്തിലെല്ലാം തുല്യനീതി തുല്യപ്രവേശനം...
ഏതൊരു പ്രായ സ്ത്രീയേയും ദേവസന്നിധത്തിൽ...
തടുക്കുന്ന തന്ത്രികളോ പുജാരികളോ തുലയട്ടെ....
അവർ ദൈവ പ്രതിപുരുഷരോ പ്രതിനിധിയോ ഒന്നുമല്ല...
വോട്ടുബാങ്കിനായ് കലക്കവെള്ളത്തിൽ മീൻ പിടിക്കും...
രാഷ്ട്രീയ മത കോമരങ്ങളെ അറിയണം സോദരരേ...
വിശ്വാസികൾ തൻ വിയർപ്പിൻ ഫലം....
ഭക്ഷിച്ചു പാനം ചെയ്തു തടിച്ചു കൊഴുത്ത...
ദൈവത്തിനടുത്ത ആളായിനടിക്കും...വ്യാജ സ്വാമി
തന്ത്രി അച്ചന്മാർ മുള്ളമാർ മൗലികൾ ബിഷപ്പർ...
മാനവരെ ദുരാചാരത്തിൽ അനാചാരത്തിൽ....
നിത്യവും കുടുക്കി വിനാശത്തിലേക്കാനയിക്കും...
അവർ പകരും മദോൽമത്തമാം മതലഹരിയിൽ...
നീന്തിത്തുടിക്കും മന്ദബുദ്ധികളാം വിശ്വാസികൾ...
വോട്ടുബാങ്ക് മത രാഷ്ട്രീയ കോമരങ്ങളും....
ദുർവൃത്തരാം മതാചാര്യന്മാരും....
അവിശുദ്ധമാം മുന്നണി ചേർത്തൊടുവിൽ...
കഴുതകളാം പൊതുജനങ്ങളെ കൊള്ളയടിക്കും...

ദൈവമില്ലാ മണിമന്ദിരങ്ങൾ ആലയങ്ങൾ...
കോട്ട കൊത്തളങ്ങൾ വമ്പൻ പ്രതിമകൾ...
നമ്മൾ ജനങ്ങൾ തൻ വിയർപ്പിനാൽ...
അവർ തീർത്തു വിജയഭേരിമുഴക്കും...
അനാചാരദുരാചാര സംരക്ഷണത്തിനായവർ...
രഥയാത്രകൾ, പദയാത്രകൾ, ഹർത്താലുകൾ...
വീഥിയിൽ വേദിയിൽ സംഘടിപ്പിച്ച് തൊള്ളതുറന്നു
മുദ്രാവാക്യങ്ങൾ വച്ചു കാച്ചി തുലക്കും നമ്മളെ...
കേരളം ഭ്രാന്താലയമാക്കുമീകൂട്ടർ നിശ്ചയം...
തത്വമില്ലാ നീതിയില്ലാ അവസരോചിതമാം...
മലക്കംമറിയും രാഷ്ട്രീയ പുരോഹിതകോമരങ്ങൾ...
കോടതി വിധിയൊന്നും ഭൂഷണമല്ലിവർക്ക്...
അനാചാര ദുരാചാരങ്ങളാണവർക്കാവശ്യം...
സത്യ നീതിയുമൊന്നുമവർ തലയിലില്ലൊരിക്കലും...
അനാചാരങ്ങൾ ദുരാചാരങ്ങൾ പോയ് തുലയട്ടെ...
നന്മകൾ തിരിവോടെ മാനവഹൃത്തടത്തിൽ...
നിറയട്ടെ ശുഭശോഭന ചിന്തകൾ സൽ കർമ്മങ്ങൾ...
ശുദ്ധികലശമായ് വേണ്ടിവന്നാൽ ചാട്ടവാറെടുക്കൂ...
ഏകോദര സോദരരാം സഹജ മാനവവൃന്ദമേ....